(ബി) ഈ സ്ത്രീ തടവുകാരിൽ എത്ര പേർ വിദേശ വനിതകളാണെന്നും അവർ ഏതൊക്കെ രാജ്യത്തെ പൗരത്വമുള്ളവരാണെന്നുമുള്ളത് വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര സ്ത്രീകൾ തടവുകാരുടെ കൂട്ടത്തിലുണ്ടെന്നുള്ളത് വ്യക്തമാക്കുമോ;

(ഡി) മറ്റ് തടവുകാരിൽ നിന്നും വ്യത്യസ്തമായി സ്ത്രീകൾ എന്ന പരിഗണന നൽകിക്കൊണ്ട് എന്തെല്ലാം ആനുകൂല്യങ്ങളാണ് സ്ത്രീ തടവുകാർക്ക് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഇ) ഗർഭിണികളോ, മുലയൂട്ടുന്ന കുഞ്ഞുങ്ങളുള്ളവരോ ആയ സ്ത്രീ തടവുകാർക്ക് പ്രത്യേകമായ പരിഗണന നൽകുവാനും ആവശ്യമായ പരിചരണം നൽകുവാനും പോഷക സമൃദ്ധമായ ആഹാരം നൽകുവാനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി 31-1-2005-ലെ കണക്കു പ്രകാരം 219 സ്ത്രീ തടവുകാർ ഉണ്ട്. ജയിൽ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട് †

(ബി) സ്ത്രീ തടവുകാരിൽ വിദേശ വനിതകളാരും ഇല്ല.

(സി) ഏഴ് സ്ത്രീകൾ

(ഡി) സാനിട്ടറി നാപ്കിനും കുളിക്കാൻ പുരുഷൻമാർക്ക് നൽകുന്നതിനേക്കാൾ എണ്ണയും നൽകിവരുന്നു.

(ഇ) ജയിൽ ഡോക്ടറുടെ നിർദ്ദേശ പ്രകാരം പോഷകസമൃദ്ധമായ ആഹാരം നൽകാറുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ ആശുപത്രികളിലെ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം ഡയറ്റ് സ്കെയിലിൽ നിന്നും വ്യത്യസ്തമായ പോഷക സമൃദ്ധമായ ആഹാരം നൽകാറുണ്ട്.

രവീന്ദ്രന്റെ കൊലപാതകത്തെക്കുറിച്ചുള്ള റിപ്പോർട്ട്

92 [1609] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സെൻട്രൽ ജയിലിനകത്തുവെച്ച് ആർ. എസ്. എസ്.-കാർ കൊലപ്പെടുത്തിയ കല്ലുപുരയിൽ രവീന്ദ്രന്റെ കൊലപാതകത്തെക്കുറിച്ച് സർക്കാർ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചുവോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

വകുപ്പുതല അന്വേഷണമാണ് നടത്തിയത്. അന്വേഷണ ചുമതല ഉത്തരമേഖലാ ജയിൽ ഡി. ഐ. ജി. എച്ച്. ഗോപകുമാറിനായിരുന്നു. ടിയാൻ സമർപ്പിച്ചിട്ടുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly